## പതിനാലാം കേരള നിയമസഭ
### അഞ്ചാം സമ്മേളനം

### നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.1778
### 04.05.2017- ലെ മറുപടിക്ക്

### ആസ്തി വികസന ഫണ്ട് - ഡി പി ആർ അംഗീകാരം

| ചോദ്യം<br>ശ്രീ.ടി.എ.അഹമ്മദ് കബീർ | ഉത്തരം<br>ഡോ. റ്റി. എം. തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പമന്ത്രി) |
|---|---|
| എ) 2016-17 ലെ മങ്കട നിയോജകമണ്ഡലത്തിലെ ആസ്തി വികസന ഫണ്ട് ഉപയോഗിച്ച് നടത്തേണ്ടതായ പ്രവൃത്തികളുടെ വിവരം 2016 ഡിസംബർ 31-ാം തീയതിയിൽ ധനകാര്യവകുപ്പിൽ നൽകിയിരുന്നു. ഇതിൽ എത്ര പ്രവൃത്തികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്; വിശദീകരിക്കാമോ ; | 2016 ഡിസംബർ 31-ാം തീയതിയിൽ 2016-17ലെ മങ്കട നിയോജക മണ്ഡലത്തിലെ ആസ്തി വികസന ഫണ്ട് ഉപയോഗിച്ച് നടത്തേണ്ടതായ പ്രവൃത്തികൾ സംബന്ധിച്ച ശുപാർശ കളൊന്നും ധനകാര്യ വകുപ്പിൽ ലഭ്യമായിട്ടില്ല. എന്നാൽ 28.11.2016-ലെ കത്തു പ്രകാരം 3 പ്രവൃത്തികളും, 19.12.2016 തീയതിയിലെ വിവിധ കത്തുകൾ പ്രകാരം 11 പ്രവൃത്തികളും ഉൾപ്പെടെ ആകെ 14 പ്രവൃത്തികൾ ശുപാർശ ചെയ്തിട്ടുള്ളതിൽ 6 എണ്ണത്തിന് ധനാനുമതി നല്കിയിട്ടുണ്ട്. (ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു) |
| ബി) പ്രസ്തുത പ്രവൃത്തികൾ നടത്തുന്ന വകുപ്പുകളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ ; | പ്രസ്തുത 6 പ്രവൃത്തികൾക്ക് ഭരണാനുമതി പുറപ്പെടുവിക്കുന്നതിനായി ബന്ധപ്പെട്ട ഭരണ വകുപ്പുകളായ ഊർജ്ജം, തദ്ദേശ സ്വയംഭരണം, പൊതു വിദ്യാഭ്യാസം എന്നിവയ്ക്ക് നിർദ്ദേശം നല്കിയിട്ടുണ്ട്. |
| സി) ഡി പി ആർ എടുത്ത് നൽകുന്നതിന് ബന്ധപ്പെട്ട വകുപ്പുകൾ കാലതാമസം ഉണ്ടാക്കിയിട്ടുണ്ടോ; ഇത് സംബന്ധിച്ച് പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗ നിർദ്ദേശപ്രകാരമുള്ള സമയ ക്ലിപ്തത പാലിച്ചിട്ടുണ്ടോ? | ആസ്തി വികസന പദ്ധതി മുഖേന നടപ്പിലാക്കുന്ന പദ്ധതികൾക്ക് ഭരണാനുമതി നൽകുന്നതിനുള്ള കാലതാമസം ഒഴിവാക്കുന്നതിനായി സമയക്രമം നിർദ്ദേശിച്ചു കൊണ്ട് 22.07.2015 തീയതിയിലെ നം. 67/2015/ധന സർക്കുലർ പ്രകാരം ഭരണ വകുപ്പുകൾക്ക് നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

അനുബന്ധം

| ക്രമ നമ്പർ | Pr.ID | പ്രവൃത്തിയുടെ പേര് | എസ്റ്റിമേറ്റ് തുക (ലക്ഷത്തിൽ) |
|---|---|---|---|
| 1 | 1720 | സമ്പൂർണ്ണ വൈദ്യുതീകരണം | 30.00 |
| 2 | 1722 | മൂർക്കനാട് - ചേറ്റുപാറ - കരുപറമ്പ് റോഡ് (മൂർക്കനാട് പഞ്ചായത്ത് ) | 15.00 |
| 3 | 1721 | കുറുവ പഞ്ചായത്തിലെ പടപ്പറമ്പ് ചന്തപറമ്പ് റോഡിൽ കൾവർട്ട് നിർമ്മാണവും, റോഡ് പുനരുദ്ധാരണവും | 40.00 |
| 4 | 1723 | അരിപ്ര ജുമാ മസ്ജിദ് - എൽ.പി സ്കൂൾ റോഡ് നിർമ്മാണം (അങ്ങാടിപ്പുറം പഞ്ചായത്ത് ) | 30.00 |
| 5 | 1724 | തിരൂർക്കാട് പടിഞ്ഞാറെപ്പാടം - വഴിപ്പാറ റോഡ് നിർമ്മാണം (അങ്ങാടിപ്പുറം പഞ്ചായത്ത് ) | 30.00 |
| 6 | 1725 | മക്കരപ്പറമ്പ് പഞ്ചായത്തിലെ വടക്കാങ്ങര ഗവ. യു.പി.സ്കൂളിന് ബസ്സ് | 15.00 |
| | | ആകെ | 160.00 |

കേരള സർക്കാർ

## ധനകാര്യ (നോഡൽ സെന്റർ-ബി) വകുപ്പ്

നമ്പർ 67/2015/ധന. *തിരുവനന്തപുരം, തീയതി 2015 ജൂലൈ 22.*

## സർക്കുലർ

വിഷയം:—ധനകാര്യ വകുപ്പ്—LAC-ADS—പദ്ധതികൾക്ക് ഭരണാനുമതി നൽകുന്നതിനുള്ള കാലതാമസം ഒഴിവാക്കുന്നതുമായി ബന്ധപ്പെട്ട് പുതുക്കിയ നിർദ്ദേശം പുറപ്പെടുവിക്കുന്നു.

സൂചന:—(1) 11-6-2012-ലെ സ.ഉ(ഫി) നമ്പർ 332/2012/ധന.
(2) 28-12-2012-ലെ 73/2012/ധന നമ്പർ സർക്കുലർ.

എം. എൽ. എ. മാരുടെ ആസ്തി വികസന പദ്ധതി പ്രകാരമുള്ള പ്രവൃത്തികൾക്ക് ധനാനുമതിയും ഭരണാനുമതിയും പുറപ്പെടുവിക്കുന്നതിന് സമയക്രമം നിശ്ചയിച്ച് സൂചന(2) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. എന്നാൽ ആസ്തി വികസന പദ്ധതി നിരീക്ഷിക്കാൻ വ്യവസ്ഥാപിത മാർഗ്ഗമില്ലായെന്നും ടി പദ്ധതിയിൻകീഴിലുള്ള പ്രവൃത്തികൾക്ക് സമയബന്ധിതമായി ഭരണാനുമതി, സാങ്കേതികാനുമതി ഇവ പുറപ്പെടുവിക്കുന്നതിനോ, പൂർത്തീകരിക്കുന്നതിനോ യഥാസമയം ഫണ്ട് ലഭ്യമാക്കുന്നതിനോ കഴിയാത്ത സാഹചര്യമുണ്ടെന്നും ആയതിനാൽ ടി പദ്ധതി പ്രകാരമുള്ള പ്രവൃത്തികൾ സമയബന്ധിതമായി നടപ്പിലാക്കുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കണമെന്നും ബഹു. നിയമസഭാ സാമാജികർ ആവശ്യപ്പെട്ടിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ആസ്തി വികസന പദ്ധതിയിൽ അനുവദിക്കുന്ന പ്രവൃത്തികൾ സമയബന്ധിതമായി നടപ്പിലാക്കുന്നത് സംബന്ധിച്ച് പുതുക്കിയ മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

(1) എം. എൽ. എ. മാർ ധനകാര്യ വകുപ്പിൽ സമർപ്പിക്കുന്ന പ്രവൃത്തി നിർദ്ദേശങ്ങളിൽ പരമാവധി 7 പ്രവൃത്തി ദിവസങ്ങൾക്കുള്ളിൽത്തന്നെ നടപടി സ്വീകരിക്കുകയും ആവശ്യമായ പദ്ധതി രേഖകൾ (Detailed Project Report) ലഭ്യമാക്കുന്നതിനുവേണ്ടി ഭരണ വകുപ്പിലേക്ക് അയയ്ക്കേണ്ടതുമാണ്.

(2) ഭരണ വകുപ്പിൽ നിന്നും പ്രസ്തുത നിർദ്ദേശങ്ങൾ സംബന്ധിച്ച പദ്ധതി രേഖകൾ (DPR) സഹിതം അടുത്ത 15 പ്രവൃത്തി ദിവസങ്ങൾക്കുള്ളിൽത്തന്നെ ധനാനുമതിയ്ക്കായി ധനകാര്യ വകുപ്പിന് ലഭ്യമാക്കേണ്ടതാണ്.

(3) ധന വകുപ്പിന് ലഭ്യമാക്കുന്ന പ്രൊപ്പോസൽ വിശദമായി പരിശോധിച്ച് അടുത്ത 15 പ്രവൃത്തി ദിവസങ്ങൾക്കുള്ളിൽത്തന്നെ ധനാനുമതി സംബന്ധിച്ച അഭിപ്രായം രേഖപ്പെടുത്തി ഭരണ വകുപ്പിന് മടക്കി നൽകേണ്ടതാണ്.

(4) ധനാനുമതി നൽകിയ പ്രവൃത്തികൾക്ക് ഭരണവകുപ്പ് അടുത്ത 10 ദിവസത്തിനുള്ളിൽത്തന്നെ ഭരണാനുമതി ഉത്തരവ് പുറപ്പെടുവിക്കേണ്ടതും ഭരണാനുമതി ഉത്തരവിന്റെ പകർപ്പ് ബന്ധപ്പെട്ട എം. എൽ. എ. മാർക്ക് നൽകേണ്ടതുമാണ്.

(5) ഭരണാനുമതി നൽകിയ പ്രവൃത്തികൾക്ക് അടുത്ത 15 ദിവസത്തിനുള്ളിൽത്തന്നെ സാങ്കേതികാനുമതി നൽകുകയും കാലതാമസം കൂടാതെ ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് പ്രവൃത്തികൾ കാലതാമസംവിനാ പൂർത്തീകരിക്കേണ്ടതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും വിവരം എം. എൽ. എ. മാരെ രേഖാമൂലം അറിയിക്കേണ്ടതുമാണ്.

(6) ഭരണാനുമതി ഉത്തരവിന്റെ പകർപ്പ് ധനവകുപ്പിന് നൽകേണ്ടതാണ്. പ്രസ്തുത നിർദ്ദേശങ്ങൾ എല്ലാ വകുപ്പുകളും കർശനമായി പാലിക്കേണ്ടതാകുന്നു.

ഡോ. കെ. എം. എബ്രഹാം,
*അഡീ. ചീഫ് സെക്രട്ടറി (ധനകാര്യം).*

പകർപ്പ്:—

എല്ലാ എം. എൽ. എ. മാർക്കും.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരള, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ജി. & എസ്. എസ്. എ) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (ഇ. & ആർ. എസ്. എ.) കേരള, തിരുവനന്തപുരം.
എല്ലാ വകുപ്പ് അദ്ധ്യക്ഷൻമാർക്കും.
എല്ലാ വകുപ്പ് തലവൻമാർക്കും.
എല്ലാ മന്ത്രിമാരുടെയും പ്രൈവറ്റ് സെക്രട്ടറിമാർ.
നോഡൽ ഓഫീസർ www.finance.kerala.gov.in.
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.